നാട്ടു പച്ച Little Kites



# *LITTLE KITEs*
# *G H S S*
# *KUMBLA*

**ചീഫ് എഡിറ്റർ**

*ഉദയകുമാരി .ഇ .ആർ(HM GHSS KUMBLA)*

**സ്റ്റാഫ് എഡിറ്റർ**

*അഭിലാഷ് .എം .കെ*

**സ്റ്റുഡന്റ് എഡിറ്റർ**

*അബ്ദുൾ ഫത്താഹ്*

***എഡിറ്റോറിയൽ ബോർഡ്***

*വി .കെ .വി രമേശൻ*

*സവിത .പി*

*ലിന്റാമ്മ ജോൺ*

*സുധ*

*ലീലാവതി*

*ഷീബ*

*ജയന്തി വൈ കെ*

*നിശാന്ത് എ IX A*

**ഉപദേശകസമിതി**

ദിവാകരൻ.കെ

ഫാറൂഖ് ഷിറിയ

ഷമീമ

കമലാക്ഷി

ഗൗരീശ

**കവർ ഡിസൈൻ & ലേ ഔട്ട്**

വൈശാഖ് .എ (10i)

തേജസൂര്യ.എം.എസ് (10i)

അമിത

## *എഡിറ്റോറിയൽ*
## *നാട്ടുപച്ചയുടെ തണലിലേക്ക്*

**വിശാലതയിൽ നിന്നും അനുദിനം ചുരുങ്ങിവരുന്ന ജീവിതവൃത്തത്തിനുള്ളിലേക്ക് പരമാവധി ഒതുങ്ങുകയാണ് ലോകം.പ്രതീക്ഷയുടെ അവസാനപച്ചപ്പും കരിഞ്ഞുപോയിരിക്കുന്നു.ചുറ്റും നോക്കുമ്പോൾ കാണുന്നതൊന്നും അത്ര ആശാവഹമല്ല. എങ്ങനെ ജീവിക്കും എന്ന ചിന്ത തന്നെ ദിവസം കഴിയുന്തോറും കൂടുതൽ സങ്കീർണമാകുന്നു.പുതിയ ലോകക്രമത്തിൽ ബന്ധങ്ങളിൽ അതിവേഗം വിള്ളലുകൾ വീഴുന്നു. ഓരോരുത്തരും 'അവനവനിസ' ത്തിലേക്ക് അതിവേഗം പിൻവലിയുന്നു.**

**എല്ലാ കാലത്തും മനുഷ്യസമൂഹം ഇത്തരം പ്രതിസന്ധികളിൽ അകപ്പെടുകയും അതിനെ മറികടക്കുകയും ചെയ്യ്തിട്ടുണ്ട്.മനുഷ്യന്റെ ഉജ്വലമായ ആവിഷ്കാരവും സംവേദനങ്ങളും ദർശനങ്ങളുമാണ് അതിന് സഹായകരമായത്.എന്നാൽ ഇന്ന് നമുക്ക് തണലായ നാട്ടുപച്ചയിടങ്ങളിലെല്ലാം കൊടുംവേനൽ ചിറകുവിരിച്ച് നിൽക്കുന്നു.പ്രത്യശാസ്ത്രങ്ങളും നിലപാടുകളും ഈ സത്യാനന്തരക്കാലത്ത് വലിയ നുണകളായി പരിണമിക്കുന്നു. എങ്കിലും പ്രതീക്ഷകൾ അസ്തമിക്കുന്നില്ല.ഭൂമിയിലിപ്പോഴും പച്ചയുടെ നാമ്പ് പൊന്തിവരുന്നുണ്ട്.കത്തുന്ന വെയിലിലും അവ അതിജീവനത്തിന്റെ പുതിയ തണൽ വിരിക്കുന്നുണ്ട്.ആ അതിജീവനത്തിന് വേഗം കൂട്ടാനുള്ള ശ്രമത്തിന്റെ ഭാഗമാണ് ഈ 'നാട്ടുപച്ച'.**

**സ്നേഹപൂർവ്വം,**
**(സ്റ്റാഫ് എഡിറ്റർ)**

## ഉള്ളിലൂടെ

പാട്ടുകൾ.....6
മഴ.....7
മഴയിൽ.....8
മഴ നനഞ്ഞൊരെൻ ബാല്യകാലം.....10
മഴ മറന്ന കാലം.....11
മേഘത്തിന്റെ കണ്ണീർ.....13
മഴയെന്നൊരു സുന്ദര നിമിഷം.....15
പ്രകൃതിയുടെ വരദാനം.....17
സ്ത്രീ വിദ്യാഭ്യാസവും സാമൂഹികപുരോഗതിയും.....18
മഴയ്ക്ക് ഒരു ആത്മഗീതം.....20
പാരിന്റെ നോവുകൾ.....22
ಒಗಟ್ಟು.....24
ಗಾದೆ ವಿವರಣೆ.....25
ನಗೆಹನಿ.....26
तितली.....27
ಮಂಕುತಿಮ್ಮನ ಕಗ್ಗ.....28
ಹಳ್ಳಿ ದಿಲ್ಲಿ.....30
ಕಾಡು.....31
Another Chance.....32
ಹಳ್ಳಿ ಜೀವನ ಹಾಗೂ ನಗರ ಜೀವನ.....33
ഭൂമിക്ക് പറയാനുള്ളത്.....34
കടൽ.....36
പിന്തിരിഞ്ഞുനടക്കുന്ന മലയാളി.....39
CLOUD.....40
തക്കാളി.....42
DARKNESS ,,,,,,.....43
അമ്മ.....44
U+ME=MY LIFE.....45
Amazing world of Genetic engineering.....46
ചരിത്രം രചിച്ച് A ഗ്രേഡിലേക്ക്.....49
ഭാഷ , സാഹിത്യം, സംസ്കാരം.....50
ನನ್ನ ದೇಶ.....51

# പാട്ടുകൾ

തിരകൾ പാടും പാട്ട്
തീരത്തുണരും പാട്ട്
കിളികൾ പാടും പാട്ട്
പുഴതൻ വഴിയും പാട്ട്
തെന്നൽപാടും പാട്ട്

നാടിന്നുകുളിരാം പാട്ട്
മനംകുതിർക്കും പാട്ട്
മണ്ണിന്നു നന്നാം പാട്ട്

***സന്ദീപ് കെ. വി***
***8. G***

# മഴ

ഉച്ചനേരത്തൊരു കൊച്ചുമയക്കത്തിൽ
പിച്ചവച്ചെത്തിയ കാർമുകിലെ.............
തല്ലിചിതറുമോ ചില്ലുകണക്കെയെൻ
മുന്നിലുണ്ടുൻമാദിനിയായ് പൊഴിഞ്ഞു
പൂക്കുന്ന തൈമാവിൻ ചില്ലകളും
നീരാടുന്ന കൈതോലക്കൂടങ്ങളും
കാററിൽ ചാഞ്ചടിയാടും വയൽപ്പൂക്കളും
മഴ നിൽക്കുന്നുവോ
പുഴമേലെ ഓളങ്ങൾ അണയുന്നുവോ.....

മലമുകളിൽ ഉറവയോടിയൊഴുകുന്നുവോ.....
നിന്റെ സ്മൃതിഗീതം അലകളായ് തഴുകീടുമ്പോൾ
എന്റെ ഗതകാല സ്മരണകൾ ഉണരുന്നിതാ

മഴയൊരു ഗീതമാകുന്നുവോ...
എന്റെ മനമൊരുമയലായി ആടുന്നുവോ....
നീളുന്ന ചെമ്മണ്ണു പാതകളിൽ
മഴനീരു നുഴയുന്ന നാഗത്തെപോൽ
ദൂരെ.....മഴനീരു നുഴയുന്ന നാഗത്തെപോൽ

*ആയിഷത്ത് അനീസ*
*8 G*

# മഴയിൽ

*വളരെ ഭംഗിയാണ് മഴ പെയ്യുന്നത് കാണാൻ.മഴക്കാലത്ത് പലർക്കും പലത്തരത്തിലുള്ള അനുഭവങ്ങളാണ് ഉണ്ടാകാറുള്ളത്. എല്ലാവരും വളകരെയധികം ആസ്വദിക്കാറുണ്ട്. മഴ എല്ലാററിനും നല്ലതാണ്. വെള്ളം കിട്ടാതെ എത്രയോ പേർ ദാഹം കൊണ്ട് മരിച്ചൊടുങ്ങുന്നു. അവർക്കെല്ലാം മഴ വളരെയേറെ ആശ്വസമാണ്. അവർക്കുമാത്രമല്ല, എല്ലാവർക്കും മഴവെള്ളം ആവശ്യമാണ്. കൃഷി, ജീവജാലങ്ങൾ, മരങ്ങൾ, മനുഷ്യൻ എന്നിങ്ങനെ തുടങ്ങി എല്ലാത്തിനും മഴവെള്ളം ആവശ്യമാണ്. മഴ പെയ്യുമ്പോഴുള്ള കാലാവസ്ഥ വളരെ വ്യത്യസ്തമാണ്. മഴ പ്രകൃതിക്ക് സൗന്ദര്യം നൽകുന്നു. മഴ പ്രകൃതിയുടെ വരദാനമാണ്.*

*മഴ നമ്മുടെ സങ്കടങ്ങളെ അകറ്റുകയും, സന്തോഷങ്ങൾ കൊണ്ട് നിറക്കുകയും ചെയ്യുന്നു. നമ്മുക്കൊരു സങ്കടമുണ്ടായാൽ; ഒരു മഴവന്നാൽ,അതിനെ നോക്കികൊണ്ടിരിക്കുമ്പോൾ നമ്മുടെ മനസ്സിന് ഒരുആശ്വാസം ലഭിക്കും. കിണറുകൾ, കുളങ്ങൾ, തോടുകൾ, പുഴകൾ എന്നിവയില്ലെല്ലാം മഴക്കാലത്ത് വെള്ളം നിറയുകയും, അവ മനോഹരമായി ഒഴുകുന്നതും കാണാം. ആ കാഴ്ച വളരെയേറെ സന്തോഷകരമുള്ളതാക്കും.*

*മഴക്കാലത്ത് പള്ളിക്കൂടങ്ങളിൽ പോകാൻ വളരെ രസകരമായിരിക്കും. ഒരു പുള്ളിക്കുടയും പിടിച്ച്*

*മഴവെള്ളത്തിലൂടെയങ്ങനെ നടന്നുപ്പോകുമ്പോൾ ..., കുട്ടികളെ സംബന്ധിച്ചിടത്തോളം അവർക്ക് അത് വളരെയേറെ രസകരമായൊരു കാര്യമായിരിക്കും. മഴ എല്ലാവർക്കും ഇഷ്ടമാണ്. ഓരോരോ സമയങ്ങളിൽ മഴ പെയ്യുമ്പോൾ കാർമേഘങ്ങൾ പൊട്ടിക്കരയുന്നതുപോലെ നമ്മെ തോന്നിക്കാറുണ്ട്. പ്രത്യേകിച്ചും നമ്മുക്ക് സങ്കടമുള്ള സമയങ്ങളിൽ. വെള്ളമില്ലാതെ നമ്മുക്ക് ജീവിക്കാൻ കഴിയില്ല. ഭൂലോകത്തുള്ള എല്ലാ ജീവ-ജാലങ്ങൾക്കും മഴ വളരെയേറെ ഫലപ്രയോഗമാണ്. പിന്നെ, മഴ നനയാൻ എല്ലാവർക്കും ഇഷ്ടമായിരിക്കും..... സന്തോഷത്തിന്റെ അടയാളമാണ് മഴ......*

***ആയിഷത്ത് ഷാനിബ***
***8G***

# മഴ നനഞ്ഞൊരെൻ ബാല്യകാലം

ജീവിതം മൊട്ടിട്ടുയർന്നാർത്തു
പെരുകുമോരോ മഴക്കും പിന്നെ
എവിടെയോ പോയൊളിക്കും
കാശിത്തുമ്പകൾ തൻ നന്മകൾ

മഴ വരുന്നേരമാർത്തു വിളിച്ചത്
നനഞ്ഞൊരെൻ ജീവിതം
കൈകൊണ്ടൊരു ചിരിയാർന്നു നിൽക്കുമെന്ന്
തേന്മാവു മുത്തശ്ശി പഴങ്ങളാൽ എന്നെ
ഒരുപാട് സൽക്കരിച്ചിരുന്നു.

***ഫാത്തിമ .ഡി .എസ്***
***8G***

# മഴ മറന്ന കാലം

മഴയൊരു പുഴയാകും കാലമുണ്ടായിരുന്നു.
പുഴയൊരു കുളിരായ നേരമുണ്ടായിരുന്നു.
കുളിരൊരു മോഹം തന്ന പ്രായമുണ്ടായിരുന്നു.
മോഹങ്ങൾ കുരുത്തിലപൊട്ടിപ്പടർന്നിരുന്നു.

പുലരിയിലൊരു ചെറുചാറ്റലായിവന്നിരുന്നു.
പകലവനതിനുള്ളിൽ കോപമുണ്ടായിരുന്നു.
ചെറുകിളികൾ പലകഥകൾ പറഞ്ഞുമിരുന്നു.
ചെറുവഴികളിൽ മിന്നോട്ടം തുടങ്ങിയിരുന്നു.

മനുജനൊരു മനം മാറ്റമുണ്ടായിരുന്നു.
അവനിയിലവനെ വെല്ലാനാരുമില്ലായിരുന്നു.
മനുജമനം പതിയേ വരണ്ടുതുടങ്ങിയിരുന്നു.

മരങ്ങളും കൃഷിയിടങ്ങളും നഷ്ടപ്പെട്ടിരുന്നു.
മണിമന്ദിരങ്ങൾ നാടാകെ ഉയർന്നിരുന്നു.
മുറ്റങ്ങളിൽ കൃത്രിമകല്ലുകൾ പാകീയിരുന്നു.
വിരകളും കീടങ്ങളും നശിച്ചുപോയിരുന്നു.

മഴയൊരു വിരഹദുഃഖം പേറിയങ്ങിരുന്നു .

ഇനിയൊരു മരണമവൾക്കില്ലായിരുന്നു.
വിധിയോർത്തു വിലപ്പിച്ചതുഭ്രമിയായിരുന്നു.
കവികളതു നോക്കി തുലിക ചലിപ്പിച്ചിരുന്നു.

മഴ വന്നു കൊഞ്ചിയ നേരത്താരൻ
ജാലക വാതിൽ മെല്ലെ തുറന്ന
രികത്തണഞ്ഞു ശ്രാവണതെന്നൽ.

വസന്താരാമ സുഗന്ധവും പേറി വന്ന
വാസനപ്പൂന്തെന്നലിത്തിരിനേരവെൻെറ
ശയ്യാതലത്തിൽ പുണർന്നിരുന്നു.
കാതിലെന്തോക്കളി മൊഴിഞ്ഞു.
കുണങ്ങികുളിരുമാകലവേ
കരളിൽ കനലെരിഞ്ഞു.
കടലാസിൽ പകർത്തിവെച്ച
കഥ ഞങ്ങളൊക്കെയും
ഇളം ചിറകിലേറ്റി
ഇറയത്തു കൊണ്ടിട്ടു.
മഴയത്തു നനച്ചു.
മഴവന്നു മായ്ച്ചുകളഞ്ഞതു
മറക്കാനാകില്ലെന്നു കരുതിയ മുറിവുകൾ
മഴയിൽ നനഞ്ഞൊലിച്ചുപ്പോയതു
മനസ്സിൽ നിറച്ചുവച്ച കണ്ണീർകുടം.

ഫാത്തിമ താനിയ
8 I

# മേഘത്തിന്റെ കണ്ണീർ

*പണ്ടു പണ്ട് ഒരു മേഘമുണ്ടായിരുന്നു. അവൻ വളരെ ചെറുപ്പവും സുന്ദരനുമായിരുന്നു. വളരെ ദയാലുവായ അവന് മററുള്ളവരെ സന്തോഷിപ്പിക്കുന്നതാണ് ഏറെ ഇഷ്ടം.*

*ഹാ.............എന്ത് മനോഹരമാണ് ഈ ലോകം കാണാൻ. ഭൂമിയിൽ നിന്നുള്ള മനുഷ്യരൊക്കെ എന്ത് സന്തോഷത്തോടു കൂടിയാണ് കഴിയുന്നത്. അവർക്കുവേണ്ടി എന്തെങ്കിലും നല്ലത് ചെയ്യണം. കുറച്ചുകൂടി താഴോട്ട് പോയി നോക്കാം. ഓ..........എന്തൊരു ചൂടാ.... എങ്ങനെയെങ്കിലും ഒരു മഴ പെയ്താൽ മതിയായിരുന്നു. ആ.......... അതെ അതെ എൻെറ കൃഷികൾ മുഴുവൻ വരണ്ടു, കൃഷികളെല്ലാം നശിച്ചു. എത്രയും പെട്ടെന്ന് പെയ്തിരുന്നെങ്കിൽ !!!,,, ഇവിടെയാകെ വരൾച്ചയായിരിക്കുന്നു . കുടിക്കാൻ പോലുംവെള്ളമില്ല. ഓ........... വെള്ളമാണ് ഇവർക്ക് പ്രശ്നം,ഇത് ഞാൻ സുന്ദരമായി പരിഹരിക്കും ഞാനൊരു മേഘമല്ലേ. ഉടൻ തന്നെ മേഘം തന്നിലുണ്ടായ ജലം മൊത്തം ആവാഹിച്ചെടുത്ത് താഴേക്ക് വർഷിക്കാൻ തുടങ്ങി.നല്ല മഴ പെയ്തു. കാരണം മേഘത്തിൻെറ തുള്ളികൾമൊത്തം തീർന്നു.കുണറുകളിലും തോടുകളിലും താടാകങ്ങളിലും വെള്ളം നിറഞ്ഞു.അങ്ങനെ അവിടെയുള്ള ആളുകൾ എല്ലാം സന്തോഷിച്ചു. വെള്ളം തീർന്ന് മരിക്കാറായപ്പോൾ തന്റെ മഴ പെയ്യൽ നിർത്തി.*

*അപ്പോൾ അവന്റെ മുഖത്ത് ഒരു സന്തോഷമുണ്ടായിരുന്നു.*

*എനിക്ക് തീരെ ശക്തിയില്ല എങ്കിലും ഞാൻ സന്തോഷവാനാണ്. അവരെ തൃപ്തിപ്പെടുത്താൻ സാധിച്ചല്ലോ.. ഒന്ന് താഴോട്ട് പോയി നോക്കാം. അപ്രതീക്ഷിതമായ മഴ അതെന്തായാലും നന്നായി. ഹും,,,. നമ്മുടെഎല്ലാ പ്രശ്നങ്ങളും പരിഹരിക്കപ്പെട്ടു. നമുക്ക് ഇന്ന് ഈ രാത്രി ഗംഭീരമായി ആഘോഷിക്കാം. ഈ ഉത്സവത്തിന് വേണ്ടി എനിക്ക് എന്റെ വീട് കാണാൻ പറ്റും. എല്ലാം വളരെ നന്നായിരിക്കുന്നു. പക്ഷേ !! അതാ ഒരാൾ അയാൾ എന്തിനാ കരയുന്നേ ? കുറച്ചുകൂടി അടുത്തു പോയി നോക്കാം. അയ്യോ,,, അയ്യോ,,,, അയ്യോ,,, എല്ലാം പോയേ. അയ്യോ,,, എല്ലാം പോയേ. ഇത്രയും സന്തോഷമുള്ളപോൾ നീ എന്തിനാ കരയുന്നേ ? ങേ ! ഇതൊരു സന്തോഷനിമിഷമല്ല. ഞാൻ ഒരു കൊശവനാണ്. ഞാൻ ഉണ്ടാക്കി വച്ചിരിക്കുന്ന കലങ്ങളെല്ലാം ഉണക്കാൻ വച്ചിരുന്നു. മഴ പെയ്ത് എല്ലാംനശിച്ചുപ്പോയി.*

**** എല്ലാവരേയും ഒരേ സമയം സന്തോഷിപ്പിക്കാൻ കഴിയില്ല ****

***ആയിഷത്ത് തസ്രീഫ***

***10 H***

# മഴയെന്നൊരു സുന്ദര നിമിഷം

*ഏറെ കൊതിപ്പിക്കുന്ന സുന്ദര നിമിഷം.........*
*മഴയിൽ നിന്നുമുള്ളൊരു സുന്ദര ശബ്ദം............*
*ആരെയും കൊതിപ്പിക്കും ആ സുന്ദര നിമിഷം...*
*ആരെയും കൊതിപ്പിക്കും ആ സുന്ദര ശബ്ദം,......*
*(ഏറെ കൊതിപ്പിക്കുന്ന.....)*

*തോടിലും പുഴയിലും പാടത്തുമെല്ലാം.....,,*
*മഴവെള്ളങ്ങൾ നിറഞ്ഞു നിന്നു ...,,,,,,,,,,,,,*
*കടലിലും കിണറ്റിലും കുളത്തിലുമെല്ലാം ,,*
*മഴത്തുള്ളികൾ വന്നിറങ്ങി...,,.....,,,,,,,,,,,,,,,,,*
*(തോടിലും പുഴയിലും പാടത്തുമെല്ലാം.....)*
*(ഏറെ കൊതിപ്പിക്കുന്ന...................)*

*കാർമേഘങ്ങൾ ഒന്നിച്ചുനിന്ന് ,,,,,*

നിറംമാറുന്നതും കാണ്ടു ഞാൻ...
കറുപ്പുനിറം വന്ന മഴവരുവാനായി
മുത്തശ്ശിപറഞ്ഞതും ഞാൻ ഓർത്തു..
(കാർമേഘങ്ങൾ......)
(ഏറെ കൊതിപ്പിക്കുന്ന...................)

ഫാത്തിമത്ത് റിസ
(8 I )

# പ്രകൃതിയുടെ വരദാനം

*മഴ ഭൂമിയുടെ അനുഗ്രഹമായ വരദാനമാണ്.*
*വെള്ളമില്ലെങ്കിൽ നാമില്ല ജീവജാലങ്ങളില്ല.*
*മഴ നമ്മുക്ക് സന്തോഷവും ദുഃഖങ്ങളും തരുന്നു.*
*മഴ അപകടവും ചിലതിൽനിന്ന് രക്ഷിക്കുകയും ചെയ്യുന്നു.*
*ഭൂമിയുടെ സൗന്ദര്യമാണ് ജലം*
*നിറഞ്ഞുനിൽക്കുന്ന അരുവികളും കുളങ്ങളും*
*തോടുകളും ഭൂമിയുടെ സമ്പത്താണ്.*
*ഭൂമിയിൽ വിരിച്ചിട്ട പച്ച പരവതാനിയ്ക്ക്*
*കാരണം പോലും മഴയാണ്.*
*മഴക്കാലത്ത് പല നിറത്തിലുള്ള കുടചൂടി നടക്കുന്ന കുട്ടികൾ.*
*മഴയ്ക്കുശേഷം കാണുന്ന അതിമനോഹര മഴവില്ല്.*

***മുഹമ്മദ് ഫാസീം***
***8 k***

# സ്ത്രീ വിദ്യാഭ്യാസവും സാമൂഹികപുരോഗതിയും

*സ്ത്രീ  ഇന്നത്തെ സമൂഹത്തിൽ വലിയ വിദ്യാഭ്യാസമൊന്നുമില്ലാത്തവരാണ് . എല്ലാ രാജ്യങ്ങളിലും പൊതുവെ സ്ത്രീ വിദ്യാഭ്യാസം കുറവ് തന്നെയാണ് ഇന്ന് പിന്നെയും സ്ത്രീ വിദ്യാഭ്യാസം കൂടിവരുന്നുണ്ട്  .എന്നാൽ പണ്ടത്തെ കാലത്ത് സ്ത്രീകൾക്ക് പഠിക്കാൻ പോകാനുള്ള അവകാശം ഇല്ലായിരുന്നു .മാത്രമല്ല അവർ വീട്ടിനുള്ളിൽ തന്നെ ഇരിക്കുകയും ചെറുപ്രായത്തിൽ തന്നെ കല്യാണം കഴിച്ച് പോകേണ്ട അവസ്ഥയും ഉണ്ടായിരുന്നു .എന്നാൽ ഇന്ന് സ്ത്രീകൾ കൂടുതലും പഠിക്കുകയും നല്ല ജോലിയിലേർപ്പെടുകയും ചെയ്യുന്നു .എന്നാൽ ഇനിയും സ്ത്രീ വിദ്യാഭ്യാസം മെച്ചപ്പെടേണ്ടതിന്റെ ആവശ്യകത കൂടിയിരിക്കുന്നു .കാരണം സ്ത്രീ വിദ്യാഭ്യാസം വർദ്ധിച്ചാൽ രാജ്യത്തിന്റെ സാമൂഹിക പുരോഗതി വർദ്ധിക്കും .കാരണം  ഓരോ സ്ത്രീകളും പഠിച്ച് നല്ല ജോലിയിലേർപ്പെട്ടാൽ രാജ്യം പുരോഗതി കൈവരിക്കും .അതായത് നല്ല വിദ്യഭ്യാസം ഉള്ളത് കൊണ്ട് പല ഗുണങ്ങളുമുണ്ട്  .എന്തെന്നാൽ ഒരു കാര്യത്തെപറ്റി നല്ല അറിവ് ലഭിക്കും .എന്തൊരു  കാര്യം നാം ചെയ്യണമെന്ന് വിചാരിക്കുമ്പോഴും അറിവില്ലായ്മ  കൊണ്ട് പലപ്പോഴും പലരും അബദ്ധത്തിലേക്ക് ചാടാറുണ്ട് .എന്നാൽ  വിദ്യാഭ്യാസമുള്ള വ്യക്തി അതിനെക്കുറിച്ച് മനസ്സിലാക്കി അത് ശരിയാണോ എന്ന് ചിന്തിച്ചിട്ടായിരിക്കും ഒരു കാര്യം ചെയ്യുന്നത്  .എന്നാൽ അവർ ഒരിക്കലും അബദ്ധത്തിലേക്ക് ചാടുകയില്ല .അതാണ് വിദ്യാഭ്യാസമുള്ളവരും ഇല്ലാത്തവരും തമ്മിലുള്ള വ്യത്യാസം . സ്ത്രീ എന്ന് പറയുമ്പോൾ അടുക്കളയിലൊതുങ്ങേണ്ടവരല്ല .സമൂഹത്തിൽ ഇടപ്പെടേണ്ടവരാണ് സ്ത്രീകൾ .സമൂഹത്തിന് അഭിമാനമാകുന്നതിനുപകരം*

*സമൂഹത്തിന്റെ വിളക്കായി സ്ത്രീകൾ മാറണം . ഓരോയിടങ്ങളിലും അവരവരുടെ അവകാശങ്ങൾ നേടാൻ ഇന്നത്തെ സ്ത്രീകൾ പ്രാപ്തരാകണം .*

*പലയിടങ്ങളിലും സ്ത്രീകൾ അപമാനിക്കപ്പെടുന്നു,അത് സ്ത്രീ ആയതുക്കൊണ്ടാണ് എന്ന് പറയുന്നു .ഇന്ന് സ്ത്രീകൾ പുരുഷന്മാരെക്കാൾ മുന്നിലാണ് ഏത് കാര്യത്തിലും .സ്ത്രീകൾക്ക് ഇന്ന് വേണ്ട പരിഗണയും സംവരണങ്ങളും ലഭിക്കുന്നു .*

*ഇന്ന് വിദ്യാഭ്യാസരംഗത്തും സ്ത്രീകൾ ഒട്ടും പിന്നിലല്ല . ഇന്നത്തെ സമൂഹത്തിന്റെ ശക്തിയാണ് സ്ത്രീ .*

ആയിഷത്ത് അസ്രീന

10H

# മഴയ്ക്ക് ഒരു ആത്മഗീതം

*എന്തിനെ തേടുവതീമഴയോ.....*

*പ്രിയസഖിയേ തേടുവതേതുമഴ ?*

*ഇലകളെ വെറുപ്പിച്ചും*

*പൂക്കളെ ചിരിപ്പിച്ചും*

*എന്തിനെ തേടുവതീമഴയോ.....*

*പ്രിയസഖിയേ തേടുവതേതുമഴ ?*

*മണ്ണിനെ കുളിർപ്പിച്ചും*

*മരങ്ങളെ തണുപ്പിച്ചും*

*എന്തിനെ തേടുവതീമഴയോ.....*

*പ്രിയസഖിയേ തേടുവതേതുമഴ ?*

*മഴകളാം നിങ്ങളെ സ്മരിക്കുക നാമെന്നും*

*മഴയായ് വരേണമേ സ്വർഗ്ഗീശ്വരാ.....*

*മഴത്തുള്ളിവീഴുമ്പോൾ ...*

*തളിരില വളരുമ്പോൾ ...*

*മർത്ത്യരാം നമ്മൾക്ക് കരുണവേണം.*

സുഖനിദ്രപുണരുമ്പോൾ ...

വെയിൽച്ചൂട് പുതയ്ക്കുമ്പോൾ ...

തണുപ്പിക്കാൻ വേണ്ടിയാ മഴകൾ വേണം .

എന്തിനെ തേടുവതീമഴയോ.....

പ്രിയസഖിയേ തേടുവതേതുമഴ ?

പുഴകളെ നിറപ്പിച്ചും ...

മേഘത്തെ കരയിച്ചും ...

ഭാവിയെ വിളയിച്ചും ...

സുഖംതരുമോ ?

മഴ ,പേമാരിയായിട്ട് കരയിക്കുമോ ?

എന്തിനെ തേടുവതീമഴയോ.....

പ്രിയസഖിയേ തേടുവതേതുമഴ ?

വൈശാഖ് .എ

10 I

# പാരിന്റെ നോവുകൾ

*രാവേറെയായുള്ള പാരിന്റെ നോവുകൾ ,*

*നമുക്കൊറ്റയ്ക്കു കൂട്ടമായ് പാടിനോക്കാം .*

*നീറുന്ന വേദന തിന്നുമാ ഭൂമിതൻ ,*

*ഓരൊ സ്വരങ്ങൾ പറഞ്ഞുനോക്കാം .*

*പാരിന്റെ നന്മയ്ക്കു  പാറാതെ പാടുന്ന ,*

*പറവതൻ പാട്ടുകൾ കേട്ടുനോക്കാം .*

*കൈപ്പായ കാലത്തുനാമൊന്നിച്ചു പാടിയ ,*

*മണ്ണിന്റെ പാട്ടുകൾ പാടിനോക്കാം .*

*പച്ചപനയോല താളത്തിലാടുന്ന ,*

*കാഴ്ച്ചകളങ്ങോ മറഞ്ഞു .*

*എന്റെ കാഴ്ച്ചകൾ എങ്ങോ മറഞ്ഞു .*

*ഹിമഗിരി താഴ്വരയിൽ ചെമ്മേ പറക്കുന്ന*

*പറവകൾ മെല്ലേ കുറഞ്ഞു ,*

*എന്റെ കാഴ്ച്ചകൾ ചെമ്മേ മറന്നു .*

*ഓളപ്പരപ്പിന്റെയാഴങ്ങൾ താണ്ടുമാ-*

*മീനുകൾ വീണ്ടും കരഞ്ഞു .*

*കരിയിലക്കൂട്ടിലെ കാക്കകറുമ്പിതൻ ,*

*കൂവലും നന്നേ കുറഞ്ഞു .*

*കൊലകൾക്കു സാക്ഷിയായ് നിൽക്കുന്ന ,*

*വാളിന്റെ നിറമൊന്നു വീണ്ടും ചുവന്നു .*

*മാനം വിറക്കുമീ കരിംപുകച്ചുരുളുകൾ ,*

*മാനത്തു ഭയമായ് കറുത്തു .*

*അഹിംസയ്ക്കു കൂട്ടായൊരാ മഹാവ്യക്തിതൻ ,*

*വാക്കുകൾ നമ്മുക്കൊന്നു കേട്ടുനോക്കാം .*

*സമസ്ഥലോകത്തിനും ശാന്തിയാവുന്നൊരാ ,*

*കാലത്തെ നമുക്കൊന്നു കാത്തിരിക്കാം .*

*നമുക്കൊന്നിച്ചുകൂട്ടമായ് കാത്തിരിക്കാം .*

തേജസൂര്യ എം .എസ്

10 I

## ಒಗಟ್ಟು

೧.ಬಿಳಿ ಕುದುರೆಗೆ ಹಸಿರು ಬಾಲ

ಉ:ಮೂಲಂಗಿ

೨.ತಲೆ ಮೇಲೆ ಬೆರಳು, ಬಾಯಿಯಲ್ಲಿ ಹರಳು

ಉ : ಉಂಗುರ

೩.ಪೆಟ್ಟಿಗೆ ತೆಗೆದ ಕೃಷ್ಣ ಹುಟ್ಟಿದೆ

ಉ : ಕಡಲೆ ಕಾಯಿ

೪.ಸುಟ್ಟ ಹೆಣವನ್ನು ಮತ್ತೆ ಸುಡುತ್ತಾರೆ

ಉ : ಇದ್ದಿಲು

೫.ಕಿರಿ ಎಲೆ ಮೇಲೆ ಕಿನ್ನಾರಿ ಮಿಂಚುತ್ತಾಳೆ

ಉ : ಇಬ್ಬನಿ

೬.ಅಟ್ಟದ ಮೇಲೆ ಪುಟ್ಟ ಲಕ್ಷ್ಮಿ

ಉ : ಬೊಟ್ಟು

೭. ಅಡ್ಡ ಮರದಲ್ಲಿ ಬೊಡ್ಡ ಕುಳಿತಿದ್ದಾನೆ

ಉ ಹಲಸಿನ ಹಣ್ಣು

೮.ಹಸಿರು ಗಿಡದಲ್ಲಿ ಮೊಸರು ಚೆಲ್ಲಿದೆ

ಉ ಮಲ್ಲಿಗೆ

೯.ಉದ್ದ ಮರದಲ್ಲಿ ಕೆಂಪು ಸನ್ಯಾಸಿ

ಉ : ಅಡಿಕೆ

೧೦ . ಅಜ್ಜಿ ಮೈಯೆಲ್ಲಾ ಗಜ್ಜಿ

ಉ : ಹಾಗಲ ಕಾಯಿ

**ಹರ್ಷಿತ ಪಿ IX B**

# ಗಾದೆ ವಿವರಣೆ

## ಹೊಟ್ಟೆಗೆ ಹಿಟ್ಟಿಲ್ಲ ಜುಟ್ಟಿಗೆ ಮಲ್ಲಿಗೆ ಹೂ

ಹೊಟ್ಟೆಗೆ ಹಿಟ್ಟೆಲ್ಲ ಎನ್ನುವಲ್ಲಿ ಒಬ್ಬ ವ್ಯಕ್ತಿಗೆ ತಿನ್ನಲು ಅನ್ನವಿಲ್ಲ ಎಂಬ ಅರ್ಥ ಬರುತ್ತದೆ.ಕೆಲಸವಿಲ್ಲದಿರುವುದಿಲ್ಲ. ಸಂಪಾದನೆ ಇದ್ದಂತಿಲ್ಲ , ಏನೂಗತಿ ಇಲ್ಲ. ಯಾರಾದರೂ ಊಟ ಹಾಕಿಯಾರೆ ಎಂದು ಕಾಯುತಿರುತ್ತಾರೆ.ಇಂಥವನು

ಇತರರ ಮುಂದೆ ತಿರುಗುವ ರೀತಿಯೇ ವಿಚಿತ್ರ ಅಡಂಬರದಿಂದ ಬೀಗುತ್ತಾನೆ, ಅಹಂಕಾರದಿಂದ ವರ್ತಿಸುತ್ತಾನೆ. ನಮಗೆ ತಿನ್ನಲು ಉನ್ನಲು ಗತಿಯಿಲ್ಲದಿರುವಾಗ ಇಲ್ಲದ ಅಹಂಕಾರ ಮಾಡಿಕೊಂಡು ಆಡಂಬರ ತೋರುವುದು ಸರಿಯಲ್ಲ. ಜುಟ್ಟಿಗೆ ಮಲ್ಲಿಗೆ ಹೂ ಎಂಬುವುದು ಮನುಷ್ಯಮಾಡಿಕೊಳ್ಳುವ ಅಹಂಕಾರ, ವೇಷಭೂಷಣಗಳ ಸಂಕೇತ. ಅರ್ಹತೆಗೆ ತಕ್ಕಂತೆ ಮನುಷ್ಯ ಬದುಕಬೇಕು.ಇಲ್ಲದಿದ್ದರೆ ಯಾವನೋ ತನಗೆ ತಿನ್ನಲು ಗತಿ ಇಲ್ಲದಿರುವಾಗ ನಾಯಿಯೊಂದನ್ನು ಸಾಕಿದಂತಾಗುತ್ತದೆ.ಅಲೋಚಿಸಬೇಕು ಅಂತೆಯೇ ನಡೆದುಕೊಳ್ಳಬೇಕು.ಬದಲಾಗಿ ನಾಲ್ಕು ಜನರೆದುರು ಅಪಹಾಸ್ಯಕ್ಕೀಡಾಗಬಾರದೆಂದು ಈ ಗಾದೆ ಹೇಳುತ್ತದೆ.

**ಪ್ರತೀಕ್ಷ ಕೆ IX B**

# ನಗೆಹನಿ

- ರಾಜು : ನಿಮ್ಮಪ್ಪ ಏನು ಕೆಲಸ ಮಾಡುತ್ತಾರೋ ?

  ಗುಂಡ : ನಮ್ಮಪ್ಪ ಜನರ ಕಷ್ಟ ಸುಖಗಳನ್ನು ಹಂಚುತ್ತಾರೆ.

  ರಾಜು : ಹಾಗಾದರೆ ನಿಮ್ಮಪ್ಪ ದೊಡ್ಡ ವ್ಯಕ್ತಿ ಇರಬಹುದು ಅಲ್ವಾ?

  ಗುಂಡ : ಅಲ್ಲ ! ನಮ್ಮ ಅಪ್ಪ ಅಂಚೆಯ ಅಣ್ಣ.

- (ಅರ್ಜೆಂಟ್ ಆಗಿ ಬಂದ ರಾಜು ಗುಂಡನಿಗೆ ಹೇಳಿದ)

  ರಾಜು: ರಾಮು ಬೇಗ ಟಿ.ವಿ ಹಚ್ಚೋ. ಟಿ.ವಿಯಲ್ಲಿ ೫೦ ಅಡಿಯ ಹೆಬ್ಬಾವು ತೋರಿಸುತ್ತಿದ್ದಾರೆ.

  ಗುಂಡ: ನನಗೆ ಅದನ್ನು ನೋಡೋಕಾಗೊಲ್ಲ ಬಿಡು!

  ರಾಜು : ಯಾಕೋ ?

  **ಗುಂಡ : ನಮ್ಮ ಟಿ.ವಿ ಇರೋದು ೧೫ ಇಂಚು ಮಾತ್ರ.**

**ಖದೀಜತ್ ಸಫ್ವಾನ IX B**

# तितली

*तितली आयी*

*बैठे फूल पर*

*खुशी से हंसा फूल*

*हुआ तितली भी खुशा!!!*

*रक्षा*

# ಮಂಕುತಿಮ್ಮನ ಕಗ್ಗ

ಅಳಬೇಕು, ನಗಬೇಕು, ಸಮತೆ  ಶಮವಿರಬೇಕುI
ಹೊಳೆಯ  ನೆರೆವೊಲು  ಹೃದಯರಸ  ಹರಿಯಬೇಕುII
ಅಲೆಯಿನಲುಗದ  ಬಂಡೆಯವೊಲಾತ್ಮವಿರಬೇಕುI
ತಿಳಿದವರ  ಚರಿತವದು -  ಮಂಕುತಿಮ್ಮ II

ನಗುವು  ಸಹಜದ ಧರ್ಮ  ನಗಿಸುವುದು  ಪರಧರ್ಮ I
ನಗುವ ಕೇಳುತ  ನಗುವುದತಿಶಯದ  ಧರ್ಮ II
ನಗುವ ನಗಿಸುವ ನಗಿಸಿ ನಗುತ ಬಾಳುವ ವರವ I
ಮಿಗೆ ನೀನು ಬೇಡಿಕೊಳೊ - ಮಂಕುತಿಮ್ಮ II

ವಿಸ್ತಾರದಲ ಬಾಳು, ವೈಶಾಲ್ಯದಿಂ ಬಾಳುI
ಕತ್ತಲೆಯ ಮೊಡಕುಮೂಲೆಗಳ  ಸೇರದಿರುII
ಭಾಸ್ಕರನನುಗ್ರಹವೆ ನೂತ್ನ ಜೀವನ ಸತ್ವ I
ಮೃತ್ಯು ನಿನಗಲ್ಪತೆಯೊ  - ಮಂಕುತಿಮ್ಮ II

ತೆರೆಯಾಗು ವಿಶ್ವ  ಜೀವನದ ದಿವ್ಯಾಬ್ಧಿಯಲಿI
ಕರಗಿಸದಿರಲಿ ನಿನ್ನ ಬೇರೆತನದರಿವ II
ಮರುತನುರುಬನು ತಾಳುತೇಳುತೋಳಾಡುತ್ತ I
ವಿರಮಿಸಾ ಲೀಲೆಯಲಿ  - ಮಂಕುತಿಮ್ಮ II

ಮರವ ನೀನರಿಯುವೊಡೆ ಬುಡವ ಕೀಳಲುಬೇಡ I
ತರಿಯಬೇಡೆಲೆಕಡ್ಡಿಗಳ ಪರೀಕ್ಷಣಕೆII
ಎರೆನೀರ, ಸುರಿಗೊಬ್ಬರವ, ಕೆದಕು ಪಾತಿಯನುI

ನಿರುಕಿಸುತ ತಳಿರಲರ - ಮಂಕುತಿಮ್ಮ ॥
ಬೀಳಿಸದಿರೆಲೊ ನಿನ್ನ ನೆರಳನಿತರರ ಮೇಲೆ।
ಬಾಳಿಕೊಳುಗವರು ತಂತಮ್ಮ ಬೆಳಕಿನಲಿ॥
ಮೇಲು ಬೀಳುಗಳಾರ್ಗದೆಂತೊ ನೀನೇನರಿವೆ।
ತಾಳದಿರು ಗುರುತನವ - ಮಂಕುತಿಮ್ಮ ॥
ಉದರಶಿಖಿಯೊಂದುಕಡೆ, ಹೃದಯಶಿಖಿಯೊಂದು ಕಡೆ।
ಕುದಿಸದಿರೆ ಜೀವಶಿಲೆ ಮೃದುವಪ್ಪುದೆಂತು॥
ಬದುಕಿನುರಿಯಲಿ ಕರಗಿ ತಿಳಿಯಾಗದಿಹ ಜೀವ ।
ಪುದಿಯದಾತ್ಮಾರ್ಣವದಿ - ಮಂಕುತಿಮ್ಮ ॥
ಮುಂದೇನೊ, ಮತ್ತೇನೊ, ಇಂದಿಗಾ ಮಾತೇಕೆ।
ಸಂದರ್ಭ ಬರಲಿ, ಬಂದಾಗಳಾ ಚಿಂತೆ॥
ಹೊಂದಿಸುವನಾರೊ, ನಿನ್ನಾಳಲ್ಲ, ಬೇರಿಹನು।
ಇಂದಿಗಿಂದಿನ ಬದುಕು - ಮಂಕುತಿಮ್ಮ ॥

ಸಂಗ್ರಹ :ಹರ್ಷಿತ ಪಿ IX B


# ಹಳ್ಳಿ ದಿಲ್ಲಿ

ಹಳ್ಳಿ ದಿಲ್ಲಿ

ಆಹಾ! ಎಷ್ಟು ಚಂದ ಆ ಹಳ್ಳಿ
ಆದರೂ ಬಂದು ಸೇರಿದೆ ದಿಲ್ಲಿ.....
ಎಲ್ಲೆಲ್ಲೂ ನೋಡಿದರೂ ಬಿಲ್ಡಿಂಗ್ ಕಟ್ಟಡ
ಕಾಣದಾಯಿತು ನದಿ, ಕೆರೆ ದಡ
ಹೆಚ್ಚಾಯಿತು ಕಾರು, ಬಸ್ಸು ವಾಹನಗಳು
ಅದರೊಂದಿಗೆ ಶಬ್ದ, ವಾಯು ಮಾಲಿನ್ಯಗಳು
ಮಾಯವಾಯಿತು ಪ್ರಾಣಿ, ಪಕ್ಷಿ ಸಂಕುಲ
ಅಂತೆಯೇ ಅಪಾಯಕ್ಕೆ ತುತ್ತಾಯಿತು ಮನುಕುಲ

ಮಂಜುನಾಥ **IX A**

# ಕಾಡು


ಕಾಡು
ಕಾಡನಾಶವೇ ನಮ್ಮ ನಾಶವು
ಕಾಡ ಕಡಿಯ ಬೇಡಿರಿ
ಕಾಡಿನಿಂದಲೇ ಮಳೆಯು ಬೆಳೆಯು
ಕಾಡನುಳಿಸಿ ಬೆಳಸಿರಿ
ಹಚ್ಚ ಹಸುರಿನ ಮರಗಳಾಗದು
ಉರಿವ ಬಿಸಿಲಿನ ಬೆಂಕಿಯೊಡು
ನೀರಿನೊರತೆಯು ಇರದ ನಾಡು
ಬರದ ಕ್ಷಾಮದ ಬೋಳು ಬೀಡು
ಮರದ ಬಾಡಕೆ ಕೊಡಲಿ ಹಾಕುತ
ಕಾಡ ನಾಶವ ಮಾಡಬೇಡಿ
ಕಾಡನುಳಿಸಿ ನಾವು ಉಳಿಯಿರಿ
ಸುಖದ ಶಾಂತಿಯ ಪಡೆಯಿರಿ
ಇವರಿಂದ,
ನಿಶಾಂತ್.ಎ

# Another Chance

*How often we wish for another chance*
*To make a fresh beginning*
*A chance to blot our mistakes*
*And change failure into Winning*


*It does not take a new day*
*To make a brand new start*
*It only takes a deep desire*
*To try with all our heart*

*To live a little better*
*And always be forgiving*
*And to add a little sunshine*
*To the world in which we're living*

*So never give up in despair*
*And think that you are though*
*For there is always a tomorrow*
*And the hope of starting new*

**Yashaswi G IX D**

# ಹಳ್ಳಿ ಜೀವನ ಹಾಗೂ ನಗರ ಜೀವನ



## 'ಹಳ್ಳಿ ಜೀವನ ಹಾಗೂ ನಗರ ಜೀವನ'

ನಮ್ಮ ಹಳ್ಳಿಯಲ್ಲಿ ಶುದ್ಧ ಗಾಳಿ ಹಾಗೂ ಶುದ್ಧ ನೀರು ಲಭಿಸುತ್ತದೆ. ನಮ್ಮ ಹಳ್ಳಿಯ ವಾತಾವರಣ ಆಹ್ಲಾದಕರವಾಗಿದೆ. ನಮ್ಮ ಜೀವನ ಸಾಗಿಸಲು ಕಡಿಮೆ ಖರ್ಚು ಸಾಕು. ನಮಗೇನ್ನಾದರೂ ಉಪಕಾರ ಮಾಡಬೇಕಾದರೆ ಹಳ್ಳಿಯವರು ನಮಗಾಗಿ ಉಪಕಾರ ಮಾಡುವರು. ಆದರೆ ನಮ್ಮ ಹಳ್ಳಿಯಲ್ಲಿ ಯಾವುದೇ ಮಾಲಿನ್ಯವಿಲ್ಲ. ಶುಭ್ರವಾದ ವಾತವರಣವಾಗಿದೆ. ಇಲ್ಲಿ ಎಲ್ಲಾರೂ ಪರಸ್ಪರ ಸೌಹಾರ್ದವಿದೆ. ನಮ್ಮ ಹಳ್ಳಿಯು ಹಚ್ಚ ಹಸುರಿನಿಂದ ಕಂಗೊಳಿಸುತ್ತದೆ.

ನಗರದಲ್ಲಿ ಬಾನೆತ್ತರಕ್ಕೆ ಬೆಳೆದ ದೊಡ್ಡ ದೊಡ್ಡ ಕಟ್ಟಡಗಳಿವೆ. ಇಲ್ಲಿ ರಸ್ತೆ ಬದಿಯಲ್ಲಿ ಇಡೀ ಮಾಲಿನ್ಯಗಳು ತುಂಬಿದೆ. ನಮ್ಮ ನಾಲ್ಕು ಬದಿಯಲ್ಲೂ ಕಟ್ಟಡಗಳು ತುಂಬಿದೆ. ಇಲ್ಲಿ ಕಾರ್ಖಾನೆಗಳು ಇದ್ದ ಕಾರಣ ವಾಯು ಮಾಲಿನ್ಯ ಉಂಟಾಗುತ್ತದೆ. ಅದಲ್ಲದೆ ಕಾರ್ಖಾನೆಗಳ ಹಾಗೂ ವಾಹನಗಳ ಶಬ್ದದಿಂದಾಗಿ ಶಬ್ದ ಮಾಲಿನ್ಯಗಳು ಉಂಟಾಗುತ್ತದೆ. ಇಲ್ಲಿ ಶುದ್ಧವಾದ ಗಾಳಿ ಲಭಿಸುವುದಿಲ್ಲ. ಇಲ್ಲಿಯ ವಾತವರಣ ಆಹ್ಲಾದಕರವಾಗಿಲ್ಲ.

ಇವರಿಂದ,

ನಿಶಾಂತ್.ಎ

# ഭൂമിക്ക് പറയാനുള്ളത്

*അബ്ദങ്ങളായി നമ്മെ ചുമക്കുന്നൊരാ ഭൂമിതൻ ചേതനകൾ പാടാം*

*ഓരോ മനുഷ്യനും ചുവടായി നിൽക്കുന്ന ക്ഷമയുടെ പര്യായമാണവൾ*

*എത്രയോ വർഷമായി മനുഷ്യന്റെ ക്രൂരത സഹിച്ചു ഞാൻ നിരങ്ങുന്നു മെല്ലെ*

*ഫാക്ടറിതൻ കരിംപുക ചുരുളുകൾ അന്ധമാക്കി എന്റെ മിഴികളെ*

*എന്റെ മക്കളാം പൂക്കളുമിലകളും മർത്ത്യന്റെ ക്രൂരത സഹിച്ചു.*

*എന്തിനോ വേണ്ടിയൊരു ഭൗമദിനമെനിക്കായ് വിരിഞ്ഞു.*

*അന്നാദിവസം മാത്രമവരെന്നെയോർക്കുന്നു .*

*ചേറിൽ കളിച്ചും മണ്ണിൽ രസിച്ചതും വളർന്നൊരാ നാളുകളവരെന്നെ മറന്നു.*

*ഓരോ മനുഷ്യനും കെട്ടുന്ന ഫ്ലാറ്റുകളെന്റെ ഹൃദയത്തെയാണ് മുറിക്കേണ്ടത്.*

*ഹരിതാഭയായൊരാ ചെടികളും കായ്കളും വിഷമയമായ് തീർന്നിരിക്കുന്നു .*

*മണ്ണിന്നുകൂട്ടായൊരെന്റെ മണ്ണിരക്കുഞ്ഞിന്റെ ജീവിതമെത്ര കഠിനം.*

*സ്വാർഥലാഭത്തിനായ് കൊതിക്കുന്ന നിങ്ങളൊരു കാര്യമറിയുക.*

*അവസാനനാളിനൊരു കൈയ്യനക്കിയാൽ നിഷ്ഫലം നിങ്ങൾതൻ ജീവിതം.*

*വെറുതെ കിടക്കുന്ന പട്ടിപ്പോലും എനിക്കായ് കരയുന്നു നിരന്തരം.*

*നിങ്ങളോയെന്റെ രക്തമൂറ്റിക്കുടിക്കുന്നു നിരന്തരം.*

*ഇനിയും എത്രനാൾ നിനക്കായ് ക്ഷമിക്കേണ്ടു ഞാനെടൊ*

*ഇനിയെന്തിനു പരാക്രമം കളിക്കുന്നു നീയീവിധം.*

*നിർത്തു നിന്റെയഹങ്കാരം അല്ലായ്കിൽ എന്റെയൊരു-*

*വിരലനക്കം നിന്നെപ്രഹരിച്ചീടുകെന്നേവരും.*

*സ്നേഹ*

*10 M*

# കടൽ

ചോരയൊലിക്കുന്ന ശിരസെൻ

കൺകളിൽ തറക്കവെ

ലജ്ജാഭാരത്താൽ കുമ്പിട്ടുപോയ്

മാതൃഹൃദയം

വികാര സംഗമത്തിനിരമാത്രമേ നീ

പിറന്നുവീണ നിമിഷം മുതലിത്ര

നാളും സൂര്യതേജസായി വെളിച്ചം

പകരേണ്ട ജനയിതാവെന്തിത്ര

ക്രൂരൻ

ആത്മരോഷമെൻ തലച്ചോറിലൊഴുകുന്നു.

കണ്ണുനീരിന് ചുവപ്പുനിറം

സ്നേഹസുഗന്ധം പരത്താൻ കൊതിച്ച്

ആൾത്തിരക്കിലും നീ ഏകനായോ

കുഞ്ഞേ ലഹരിയുടെ നീർകുമിള

നൽകും സാന്ത്വനം പരിഹാരമാർഗ-

ഗമല്ലൊരിക്കലും

വിഷച്ചെടി നട്ടാലെങ്ങനെ ലഭിക്കും

പനിനീർപ്പൂവിൻ മാദകഗന്ധം

കപടമുഖം കണ്ടുണരുന്ന നീയറി-

യണം എല്ലാഹൃദയവും പൊട്ടക്കി-

ണറല്ല, നിന്റെ ഹൃദയത്തെ ചോര-

യിൽ മുക്കിയോർ ദൈവക്കോടതി-

യിൽ ചോരത്തന്നെ ഛർദിക്കും

സുന്ദര ബാല്യത്തിന്നൊരുപിടി

ഓർമകൾ കടലായ് നിന്നിൽ

അലയടിക്കുന്നുവോളം

അനന്തമായ് നീളും ജലപ്പരപ്പിൽ

തനിച്ചാണ് മകനേ നിൻ യാത്ര

നിൻ പന്ഥാവില് നീ കർമ്മ നീ

തനാവുക തേടിയെത്താതിരിക്കില്ല

ഒരു വസന്തം നിന്നെയും

***ഷെമീമ***

**സമർപ്പണം– 10 D ക്ലാസിലെ അബ്ദുൾ റഹ്മാന്**

# പിന്തിരിഞ്ഞുനടക്കുന്ന മലയാളി

മലയാളി, മലയാളിത്തം ഇവ ഒരു ജനതയുടെ സംസ്കാരത്തിന്റെ അടയാളമാണ്. നമ്മുടെ അഹങ്കാരമാണ് ലോകത്തിന്റെ ഏത് കോണിലായാലും സാസ്കാരിക തനിമയും നിസ്വാർത്ഥതയും നിലനിർത്തുന്നവനാണ് മലയാളി. ഏവരേയും അസൂയപ്പെടുത്തുന്നതും അമ്പരിപ്പിക്കുന്നതുമാണ് മലയാളിത്തത്തിന്റെ മാതൃകകൾ.

ഇന്ന് നാം പിന്തിരിഞ്ഞ് നടക്കുകയാണൊ ??? അമ്മയുടെ ബന്ധം പോലുള്ള ഭാഷയെകൈവെടിയുന്നു. മലയാളം മറക്കുന്ന മലയാളി............മലയാളം പറയാൻ മടിക്കുന്ന മലയാളി..........എഴുതാൻ അക്ഷരങ്ങൾ നഷ്ട്പ്പെട്ട മലയാളി.

ലൊവെയ്സ്റ്റ് പാന്റുകളും മുറിയൻ ഷർട്ടുകളും ശരീരവടിവ് പ്രകടിപ്പിക്കുന്ന ചുരിദാറുകളും പ്രായഭേദമന്യെ നമ്മുടെ വേഷങ്ങളാകുന്നു. മലയാളിയുടെ കേരളീയതയെ നാം ഉപേക്ഷിക്കുന്നു.

ഫാസ്റ്റഫുഡ്ഡ് സംസ്കാരം കുടുംബത്തിലെ ആശയവിനിമയത്തിന്റെ ജീവനെകൊണ്ട് അടുക്കളയെ നിശബ്ദമാക്കുന്നു. വിഭാഗിയതകളും സങ്കുചിതച്ചിന്തകളും ഐക്യത്തിന്റേയും പെരുമാറ്റത്തിന്റേയും ദിശാഗതി മാറ്റിയിരിക്കുന്നു. ശുചിത്വത്തിനും വ്യക്തിക്കും ആഗോള അംഗീകാരം നേടിയ സ്വന്തം മണ്ണ്. പകർച്ചവ്യാധികളുടെ വിളനിലവും കുത്തക മരുന്ന് കമ്പനികളുടെ ഏറ്റവും വലിയ മാർക്കറ്റുമായി മാറുന്നു.

ഉപഭോഗ സംസ്കാരത്തിന്റെ ഏറ്റവും വലിയ കോളനിയായി നമ്മുടെ നാട് മാറുമ്പോൾ............ നമ്മുടെമനസിനേയും ചിന്തകളേയും തിരിച്ചെടുക്കാനാവാത്തവിധം കണ്ണാടി അലമാരകളിലേക്ക് മാറ്റുമാപോൾ.................... ബന്ധങ്ങൾ സാങ്കേതിക വിദ്യയുടെ മോഹപെട്ടിയിലെ ജീവനില്ലാത്ത സന്ദേശങ്ങളാകുമ്പോൾ ....................

നാം പിന്തിരിഞ്ഞുനടക്കുകയാണൊ.......????? കാലത്തിന്റെ പിറകിലേക്ക്...................................................................

വി . കെ . വി രമേശൻ മാസ്റ്റര്

# CLOUD

I love those cotton bunches

Standing together in an winder open wall ,

The are as fat as an elephant ,

Whenever i look up the sky ,

I don’t know why

They cover my mind ’

And lying along the snoring light.

I always use to wonder ,

When it lying along thunder.

Why it looking more attractive.

As i cannot take my eyes off.
As it welcomes we ,
I just like you

We should be grateful to our lord word

who gifted us the most marvellous .

The clouds.

And prise him as he made

The clouds much attractive and

unique than everything.

It is the smile of the nature

And the hope of the future

It makes us cheer

In worry situations

we use to face

i always admire

how it become so fantastic ???

that i can forget

All my sorrows

# തക്കാളി

സ്വയം മൃദുലമാം ചുവപ്പോടെ

ഉരുണ്ട ഭോജ്യമോ ???

ആരോഗ്യത്തിൻ ഗുണം ചേർത്തിട്ടും

ഔഷദമാം സൗന്ദര്യമേ ......

രക്തം പോലെ ശുദ്ധവും

പഞ്ഞിയേക്കാൾ മൃദുലവുമായ

ഔഷദമാം നിന്നെ പിഴിഞ്ഞുകുടിച്ചേ

തിളക്കുന്നതിൽ ചേർത്തു രുചിക്കായി.

ഔഷദമില്ലായ്മയാക്കി ഭോജിക്കുന്നതിനേക്കാൾ

പച്ചക്ക തിന്ന് ആരോഗ്യം നേടുന്നതല്ലേ നല്ലത്.

മനുഷ്യാ ,,,,, നിന്റെ ബന്ധവും തക്കാളി പോലെ

മൃദുലവും ഗുണവും ഉള്ളതാണ്.

ഇത്തിരി കോപദുഃഖത്തിനുവേണ്ടി

എന്തിനാണുനീ മനോഹരമായ

മൃദുലബന്ധത്തെ നാവുകൊണ്ട് ഇല്ലായ്മ ചെയ്യുന്നത് ???

രുചിയോടെ ഗുണവും നഷ്ടപ്പെടാതെ

തക്കാളി കഴിക്കുന്നതുപോലെ

ക്ഷമയോടെ സന്തോഷം നഷ്ടപ്പെടാതെ

ബന്ധങ്ങളെ കാത്തു സൂക്ഷിക്കുവിൻ

**അബ്ദുൾ ഫത്താഹ് ( 9 I )**

# DARKNESS ,,,,,,,

*Darkness in a black silence*

*scare makes no more violence*

*night of darkness makes weeper.*

*To hear the sound of weeper.*

*The eyes goes four direction.*

*Nothing can see in that dark collection.*

*Feels someone there behind*

*but non can see.*

*Eager to go lighty.*

*But darkness only try mighty*

*seems to the be near alone in night.*

*But don't know it is least when*

*it bright.*

*Fear have only to support hard*

*darkness makes us scared.*

*ABDULL FATHAH*

*( 9 I )*

# അമ്മ

എന്റെ അമ്മ സ്നേഹമുള്ളവളാണ്

അമ്മയുടെ വാക്ക് ഞങ്ങളെ നന്നാക്കിയെടുക്കും.

അമ്മ കാരണം ഞങ്ങൾക്ക് സുന്ദരമായ ലോകം കാണാം

അമ്മയുടെ ദുഃഖം ഞങ്ങളുടെ ദുഃഖം

അമ്മയുടെ പുഞ്ചിരി ഞങ്ങളുടെ സന്തോഷം.

അമ്മ സ്നേഹമാണ് ,,,,

മൊയ്‌ദീൻ റഹ്മാൻ

( 9 K )

# U+ME=MY LIFE

*Once in a life time*

*i will find an angel.*

*Who won't let roll*

*my tears down*

*They will be the one.*

*To cuddle me, to love me*

*to take care of me*

*Nothing precious than love.*

*Nothing memorable than sorrow.*

*Now i am busy loving*

*because sorrow is far away from me.*

*The angel once will ask to me*

*about my life.*

*I will say "me or my life "*

*it will go far away from me.*

*Without knowing that*


*you are my life.*

*MOIDEEN NUIMAN*

*( 9 K )*

# Amazing world of Genetic engineering





people could not even imagine a world where bacteria and animals producing medicines,vegetables,and fruits of different colours.All these have become a reality and much more is in store.genetic engineering is the main reason for all these changes.

Genetic engineering is the branch of science used to change the genetic make up of cells,in other words it is the direct manipulation of an organisms gene using biotechnology.
As a result a new or an improved organism is produced. It was in the year 1972 that Paul Berg made the first recombitant gene ,and Herbert boyer created the first genetically modified organisms.
The first genetically modified mouse was created by Rudolf Jaenisch in 1974.
genetically modified crops were later developed and is popular in many countries.
These crops are disease and pest resistant and farmers had

economic benefits, but people in India were stopped from using food produced from such crops as some scientists believed it has greater risk on human health.

In the year 1976 a company called Gentech started manufacturing genetically engineered insulin called human insulin. This was a boon to lakhs of people suffering from type-1 diabeties in developing countries like India.

In the month of October 2018,a scientist from China He Jankui shocked the world when he announced that he had altered embryos of seven couples who were under fertility treatment to protect the from HIV. He says that the twins born out of this altered embryo are resistant to HIV.

This technology is called genome editing,a recent development in genetic engineering. Here a DNA is inserted ,deleted, modified or replaced in the genome of the living organisms. A technology called crispr genome editing is used by him.This has triggered an investigation and a physicist has worked against the current guideline on ethics and legality in genetics. For this he may even has to face death penalty.

His act is considered to be irresponsible and for putting children at drastic risk for a marginal gain like all other branches of science genetic engineering has both advantages and disadvantages. It can make agricultural practices much safer,.It creates greater yields,better food products
Are created,it can improve disease resistance,stop genetic


diseases in human beings. At the same time it does not guarantee higher nutritional value,it can have unintended negative consequences,create new pathogens,animal are turned into commodities.

It is necessary that we use it carefully and responsibly that it helps for the development of mankind. This science can do amazing things for us in the future.

**SHEEBA B**

**Courtesy: Indian Express, Wikipedia**

# ചരിത്രം രചിച്ച് A ഗ്രേഡിലേക്ക്



കുമ്പള: കുമ്പളയുടെ ചരിത്രത്തിൽ ആദ്യമായി ജി.എച്ച്.എസ്.എസ് കുമ്പളയിലെ പത്താം ക്ലാസ്സ് വിദ്യാർത്ഥി A ഗ്രേഡിലേക്ക്. 10f ക്ലാസ്സിലെ എസ്.ചാന്ദ്നിയാണ് സംസ്ഥാനതല സാമൂഹ്യശാസ്ത്ര മേളയിൽ അപൂർവ്വമായ ഈ നേട്ടം കൈവരിച്ചത്. നൂറ്റാണ്ടുകൾക്ക് മുൻപ് ഇവിടം സന്ദർശിച്ചിരുന്ന വിദേശീയരുടെ രചനകളിൽ ഇടം പിടിച്ച പഴയ കുമ്പള സീമെ തുറമുഖപ്രദേശത്തിന്റ രചിക്കപ്പെടാത്ത ചരിത്രമാണ് ചാന്ദ്നി വിഷയമാക്കിയത്. നശിച്ചു കൊണ്ടിരിക്കുന്ന ആരിക്കാടി കോട്ടയും ഷിറിയ കോട്ടയും കൊടിയമ്മയിലെ കുടക്കല്ലും തന്റെ രചനയിൽ ചാന്ദ്നി ഉൾപ്പെടുത്തിയിരിക്കുന്നത്. വിദ്യാഭ്യാസ ചരിത്രമായിരുന്നു ഈ വർഷത്തെ മത്സര വിഷയം. ലഭ്യമായ വാമൊഴികളേയും വരമൊഴികളേയും സമർത്ഥമായി ഉപയോഗിച്ചുകൊണ്ട് ചാന്ദ്നി നടത്തിയ ഈ രചന കുമ്പളയുടെ ചരിത്രത്തിലെ ഒരു നാഴികക്കല്ലാണ്.

# ഭാഷ , സാഹിത്യം, സംസ്കാരം

മനുഷ്യന്റെ ആന്തരികവും ബാഹ്യവുമായ ജീവിതത്തിന്റെ പ്രധാന ഘടകമാണ് ഭാഷ. ജീവിതത്തിന്റെ സമസ്ത മേഖലകളിലും അത് ബന്ധപ്പെട്ടിരിക്കുന്നു. മനുഷ്യനെ സംസ്കാര സമ്പന്നമാക്കുന്നത് ഭാഷയാണ്. സർഗാത്മഗതയുടേയും ആത്മസാക്ഷാത്ക്കാരത്തിന്റേയും ഉപാധികൂടിയാണ് ഭാഷ.

ഭാഷയും സംസ്കാരവും തമ്മിലുള്ള ബന്ധം വളരെ സങ്കീർണ്ണമാണ്. ഒരു ഭാഷ സംസാരിക്കുന്ന സമൂഹത്തിന് ഒരു സംസ്കാരം എന്നതാണ് പൊതുധാരണ. അതിൽത്തന്നെ മേലാള കീഴാള ജാതിമത വ്യത്യാസങ്ങൾ ഉണ്ടാകാം. വ്യത്യസ്ത ഭാഷയറിയുന്ന വ്യക്തിക്ക് അതിന്റെ സംസ്കാരം അറിയണമെന്നില്ല. ഭാഷയും സംസ്കാരവും പരസ്പരപൂരിതങ്ങളാണ്.

ചരിത്രഗതിയിൽ സാമൂഹികമായ പലപ്രവർത്തനങ്ങളിലൂടെ മനുഷ്യൻ കടന്നുപോകുന്നുണ്ട്. അതിലൂടെ സമാഹരിക്കുന്ന പലതരം സിദ്ധികളുടെ സംഘാടനമാണ് സംസ്കാരമെന്ന് ചിന്തകർ പറയുന്നു. നല്ല ചിന്തകൾ മനുഷ്യനെ ശുദ്ധീകരിക്കുന്നു. അതിൽ നിന്ന് സംസ്കാരവും സംസ്കാരത്തിൽ നിന്ന് സുകുമാരകലകളും രൂപം കൊള്ളുന്നു.

സുന്ദരകലകളിൽ ഏറ്റവും പ്രധാനം സാഹിത്യംതന്നെ. ചലനാത്മകമായ ജീവിതം സുന്ദരമായി സാഹിത്യത്തിൽ ആവിഷ്കരിക്കുന്നു. ഉത്തമസാഹിത്യം ഉത്തമമായ ജീവിതം ജീവിതത്തെ സൃഷ്ടിക്കുന്നു.

കാലത്തിലൂടെ വളർന്നു വികസിച്ച സംസ്കാരം നാം കാണുന്നത് സാഹിത്യരചനകളിലാണ്. ആത്മസാക്ഷാത്കാരത്തിന്റേയും ഹൃദയവാശുദ്ധിയുടേയും പ്രസാദാത്മകമായ ചിന്തയുടേയും അടിത്തറയാണ് ഭാഷയും സംസ്കാരവും.

അഭിലാഷ് .എം.കെ

# ನನ್ನ ದೇಶ


ನನ್ನ ದೇಶ ನನ್ನ ಜನ
ನನ್ನ ದೇಶ ನನ್ನ ಜನ
ನನ್ನ ಮಾನ ಪ್ರಾಣ ಧನ
ತೀರಿಸುವೆನೆ ಅದರ ಋಣ
ಈ ಒಂದೇ ಜನದಿ
ಕೆಂಪು ನೆಲದ ಹಸಿರು ಬೆಳೆ
ಕಪ್ಪು ಮಣ್ಣ ಮೊಗದ ಕಳೆ
ಸೂರ್ಯ ಚಂದ್ರ ಚಿಕ್ಕೆಗಳೇ
ನಮ್ಮ ಹಿರಿಯು ಒಕ್ಕಲು
ನೂರು ಭಾವ ಭಾಷೆ ನೆಲೆ
ನೂರು ಬಣ್ಣ ವೇಷ ಕಲೆ
ಸ್ವಚ್ಛಂದದ ಹಕ್ಕಿಗಳೆ
ನಮ್ಮ ಹಾಡು ಬದುಕಲು
ಮೈ ಕೊಡವಿದೆ ಮೂಕಜನ
ಕೈ ಹಿಡಿಯಿರಿ ನಾಕು ಚಣ
ಎದ್ದೇಳಲಿ ಎಲ್ಲಗುಣ
ಆ ಸಮೃದ್ಧ ಬಾಳಿಗೆ
ಸಂಗ್ರಹ : ನಿಶಾಂತ್ ಎ IX A

ഒരു നാൾ ഭൂമിയിൽ ഒരു വിത്തുവീഴും. അത് മുളച്ച് നാട്ടുപച്ചയായ് പടരും. ആ തണലിൽ വിശ്വമാനവികതയുടെ ഉറവപൊട്ടും. അതിൽ നമുക്കൊരു തുള്ളിയാകാം........മുൻപോട്ടുള്ള പ്രയാണത്തിൽ കൈകോർക്കാം....... പരസ്പരം കാവലാളാകാം....

# നന്ദി........

**അബ്ദുൾ ഫത്താഹ്**

*സ്റ്റുഡന്റ് എഡിറ്റർ*